**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6497** **10-07-2024 - ൽ മറുപടിയ്ക്ക്**

**പീരുമേട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പീരുമേട് മണ്ഡലത്തിൽ കഴിഞ്ഞ എട്ട് വർഷമായി അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ നഗറുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | മുങ്കിലാർ എസ്.സി നഗർ, ലാഡ്രം എസ്.സി നഗർ, കച്ചേരികുന്ന് എസ്.സി നഗർ, ആനപ്പള്ളം എസ്.സി നഗർ, പശുമല എസ്.സി നഗർ, ആനക്കുഴി എസ്.സി നഗർ എന്നിവയെ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിലും മന്നാക്കുടി - പളിയക്കുടി, മേമാരി, വഞ്ചിവയൽ എന്നീ പട്ടികവർഗ്ഗ ഗ്രാമങ്ങളെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പീരുമേട് മണ്ഡലത്തിലെ വഞ്ചിവയൽ, പശുമാല , പീരുമേട് കച്ചേരികുന്ന്, ആനപ്പള്ളം എന്നീ അംബേദ്കർ ഗ്രാമ വികസന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (ബി) | വഞ്ചിവയൽ സെറ്റിൽമെന്റ് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കച്ചേരികുന്ന് എസ്.സി നഗറിന്റെ 42 % പ്രവൃത്തികളും , ആനപ്പള്ളം എസ്.സി നഗറിന്റെ 37 % പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പശുമാല എസ്.സി നഗറിന്റെ എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട നഗറുകളുടെ പട്ടിക അംഗീകരിച്ച് സർക്കാർ ഉത്തരവ് വന്നതിന് ശേഷം സാങ്കേതിക അനുമതിയും ടെണ്ടർ നടപടികളും പൂർത്തിയാക്കുവാൻ വളരെയേറെ കാലതാമസം നേരിടുന്നതിനാൽ ആയത് വേഗത്തിലാക്കുവാൻ ഒരോ ഘട്ടത്തിന്റെയും സമയക്രമം പാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമങ്ങളുടെ നവീകരണ പ്രവൃത്തനങ്ങൾക്ക് സാങ്കേതിക അനുമതിയും ടെൻഡർ നടപടിയും സമയബന്ധിതമായി പൂർത്തിയാക്കുവാൻ നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | മേമാരിയിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി ആരഭിച്ചത് എന്നാണ്; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (ഡി) | മേമാരി സെറ്റിൽമെന്റിന്റെ നവീകരണത്തിനായി നിർവ്വഹണ ഏജൻസി ലഭ്യമാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് അംഗീകാരവും പ്രവൃത്തനാനുമതിയും നൽകുകയും |

| | | | |
|---|---|---|---|
| | | | മൊബലൈസേഷൻ അഡ്വാൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് സമയബന്ധിതമായി ബിൽ മാറിനൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | നിർവ്വഹണ ഏജൻസികൾ സമർപ്പിക്കുന്ന ബിൽ മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് അനുമതി ലഭ്യാകുന്ന മുറയ്ക്ക് തുക അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ